# പതിമൂന്നാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 894 — 10/02/2016-ൽ മറുപടിക്ക്

# പട്ടുവം ജപ്പാൻ കുടിവെള്ള പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. റ്റി.വി.രാജേഷ് | ശ്രീ. പി.ജെ.ജോസഫ് (ജലവിഭവ വകുപ്പുമന്ത്രി) |
| (എ) കണ്ണൂർ ജില്ലയിലെ പട്ടുവം ജപ്പാൻ കുടിവെള്ള പദ്ധതിയുടെ ഒന്നാംഘട്ടത്തിൽ പൂർത്തിയാക്കാൻ ബാക്കിയുള്ള പ്രവൃത്തികളുടെ വിശദാംശം നൽകുമോ; ഇതു മൂലം അവിടുത്തെ ജനങ്ങൾ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | (എ) കണ്ണൂർ ജില്ലയിലെ പട്ടുവം ജപ്പാൻ കുടിവെള്ള പദ്ധതിയുടെ സ്രോതസ്സ്, റാ വാട്ടർ പമ്പിംഗ് മെയിൻ, ശുദ്ധീകരണശാല, ട്രാൻസ്മിഷൻ മെയിനുകൾ, ജലസംഭരണികൾ, പ്രധാന ജലവിതരണ കുഴലുകൾ എന്നിങ്ങനെ ഒന്നാം ഘട്ടത്തിൽ വിഭാവനം ചെയ്ത എല്ലാ പ്രവർത്തികളും പൂർത്തിയായിട്ടുണ്ട്. എന്നിരുന്നാലും പ്രസ്തുത പദ്ധതിയുടെ രൂപകൽപ്പന അനുസരിച്ച് പദ്ധതി പ്രദേശത്ത് സ്ഥാപിക്കേണ്ട മൊത്തം 1220 കി.മീ. വിതരണ ശൃംഖലയിൽ 597 കി.മീ. ചെറിയ വ്യാസമുള്ള ജലവിതരണ കുഴലുകൾ കൂടി സ്ഥാപിക്കേണ്ടതുണ്ട്. ഇതുമൂലം ജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) അവിടെ ഇപ്പോൾ എത്ര കിലോമീറ്റർ പൈപ്പ് ലൈൻ ഇട്ടിട്ടുണ്ട്; | (ബി) ജൈക്ക ധനസഹായത്തോടെ പട്ടുവം പ്രദേശത്ത് നടപ്പിലാക്കിയ കുടിവെള്ള പദ്ധതിയിൽ ഇപ്പോൾ 623 കി.മീ. പൈപ്പ് ലൈൻ ഇട്ടിട്ടുണ്ട്. |
| (സി) എത്ര രൂപ ഇതുവരെയായി ചെലവഴിച്ചിട്ടുണ്ട്; | (സി) ഇതുവരെ 334.35 കോടി രൂപ (ഡിസംബർ 2015 വരെ) ചെലവാക്കിയിട്ടുണ്ട്. |
| (ഡി) ഒന്നാംഘട്ടത്തിൽ വിട്ടുപോയ ഭാഗങ്ങളിൽ കുടിവെള്ളമെത്തിക്കുന്നതിനും പദ്ധതി വിപുലീകരിക്കുന്നതിനും നബാർഡിൽ നിന്ന് ഫണ്ട് ലഭ്യമാക്കുന്നതിനായി വാട്ടർ അതോറിറ്റി സമർപ്പിച്ച പ്രൊജക്ടിന് അംഗീകാരം ലഭിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ? | (ഡി) പ്രസ്തുത പ്രോജക്റ്റ് സർക്കാരിന്റെ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ